# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2143 06.10.2016 ൽ മറുപടിക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.കെ.ആൻസലൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷം നടത്തിയ കെട്ടിടനിർമ്മാണങ്ങളും മറ്റ് പൊതുമരാമത്ത് പ്രവൃത്തികളും വലിയ അഴിമതിയുടെ ഭാഗമായി മാറിയിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുമോ; | (എ) അഴിമതി സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നെയ്യാറ്റിൻകര പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസിൽ കെട്ടിടത്തിന് നിശ്ചയിച്ച വാടക വർദ്ധനവ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; റൂം അനുവദിക്കണമെങ്കിൽ തിരുവനന്തപുരത്ത് ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തി തുക അടയ്ക്കണമെന്നുള്ള തീരുമാനം മാറ്റിയിട്ടുണ്ടോ; | (ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് എല്ലാ ജില്ലയിലും മുറി അനുവദിക്കുന്നത്. ആയത് പ്രകാരം തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകണം. മുറി അനുവദിക്കുന്നതിനുള്ള തുക അടയ്ക്കേണ്ടത് അതാത് റസ്റ്റ് ഹൗസുകളിലാണ്. 17.07.2013 ലെ സ.ഉ.(അച്ചടി)നം.58/13/പൊ.മ.വ. പ്രകാരം Non A/C ഹാളുകൾക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ തുകയായ 1000/-രൂപയാണ് നെയ്യാറ്റിൻകര റസ്റ്റ്ഹൗസിലെ ഹാളിന് വാടകയിനത്തിൽ സ്വീകരിക്കുന്നത്. |

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ,. കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ, കന്നിപ്പുറം പാലങ്ങളുടെ രൂപരേഖ തയ്യാറായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിച്ചു വരുന്നു. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പാലങ്ങൾക്ക് 10 കോടി രൂപ വീതം KIIFB-യിൽ ഉൾപ്പെടുത്തി (നമ്പർ9, നമ്പർ 2) അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**